ഹയർസെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം.

നംബർ ഇ.എക്സ് **IX-1-12376**/എച്ച്.എസ്.ഇ/**2009** തീയതി **: 30/06/2009**

## <u>സർക്കുലർ</u>

## ഹയർ സെക്കന്ററി - പരീക്ഷാബില്ലുകൾ തീർപ്പാക്കൽ സംബന്ധിച്ച്

ഹയർ സെക്കന്ററി പരീക്ഷാനടത്തിപ്പിനായി സ്കൂളുകൾക്ക് അഡ്വാൻസായി നൽകിയ തുകയുടെ ബില്ലുകൾ തീർപ്പാക്കുന്നതിനായി ജില്ലാടിസ്ഥാനത്തിൽ ഡയറക്ടറേറ്റിൽ വച്ച് 2009 ജൂലൈ മാസം നടത്തപ്പെടുന്ന ക്യാമ്പുകളിലേയ്ക്ക് തിരഞ്ഞെടുത്തിട്ടുള്ള ജില്ലകളും സ്കൂളുകളും സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | തീയതി | സമയം | ജില്ലയും സ്കൂളുകളും |
|---|---|---|---|
| 1 | 17–7–2009 | 10 a.m. മുതൽ | കാസർഗോഡ് ജില്ലയിലെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളും |
| 2. | 24–7–2009 | 10 a.m. മുതൽ | പത്തനംതിട്ട ജില്ലയിലെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളും |
| 3. | 29–72009 | 10 a.m. മുതൽ | ഇടുക്കി ജില്ലയിലെ എല്ലാ ഹയർ സെക്കന്ററി സ്കൂളുകളും |

പ്രസ്തുത ക്യാമ്പിൽ ബന്ധപ്പെട്ട ജില്ലയിലെ എല്ലാ ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരും നിർബന്ധമായും ഹാജരാകേണ്ടതും. അവരവരുടെ സ്കൂളുകളിൽ നിന്നും തീർപ്പാകാതെ കിടക്കുന്ന ബില്ലുകളെ സംബന്ധിച്ച വ്യക്തമായ വിവരങ്ങൾ നൽകേണ്ടതും മെമ്മോ ലഭിച്ചിട്ടുള്ളവർ ന്യൂനതകൾ പരിഹരിച്ച ബില്ലുകൾ ഹാജരാക്കേണ്ടതുമാണ്. മെമ്മോ സംബന്ധിച്ച് എന്തെങ്കിലും ആക്ഷേപങ്ങളുള്ളവർക്ക് അക്കാര്യം ക്യാമ്പിൽ അവതരിപ്പിക്കാവുന്നതും ആയത് പരിഹരിക്കാവുന്നതുമാണ്. പ്രിൻസിപ്പൽമാർ ബന്ധപ്പെട്ട രേഖകളുമായി ക്യാമ്പിൽ പങ്കെടുക്കാതിരിക്കുന്നതുമൂലം പരീക്ഷാ ബില്ലുകൾ സമയബന്ധിതമായി തീർപ്പാക്കാൻ കഴിയാതെ വരുകയും അതിനോട് അനുബന്ധിച്ച് ഉണ്ടാകുന്ന കാലതാമസത്തിനും മറ്റു ബാദ്ധ്യതകൾക്കും ഉള്ള

പൂർണ്ണ ഉത്തരവാദിത്വം പ്രസ്തുത പ്രിൻസിപ്പൽമാർക്ക് മാത്രമായിരിക്കുമെന്നും അറിയിച്ചുകൊള്ളുന്നു. 2008 ജൂൺ മാസം വരെ നടത്തപ്പെട്ട പരീക്ഷകളുടെ ബില്ലുകൾ പൂർണ്ണമായും തീർപ്പാക്കി കിട്ടിയിട്ടുള്ള പ്രിൻസിപ്പൽമാർ പ്രസ്തുത ക്യാമ്പിൽപങ്കെടുക്കേണ്ടതില്ല എന്നുകൂടി അറിയിക്കുന്നു.

ഡയറക്ടർ

പകർപ്പ്

(1) സൂപ്രണ്ട്, ഫൈനാൻസ് എ, ബി സെക്ഷൻ, പരീക്ഷാവിഭാഗം – III സെക്ഷൻ സൂപ്രണ്ടുമാർ സുഗമമായി ക്യാമ്പു നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(2) അക്കൗണ്ട്സ് ഓഫീസർ ഫൈനാൻസ്

(3) ഡെപ്യൂട്ടി ഡയറക്ടർ, എക്സാമിനേഷൻ വിഭാഗം

(4) ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം), ജോയിന്റ് ഡയറക്ടർ (അക്കാഡെമിക്) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫൈനാൻസ് ഓഫീസർ എന്നിവരുടെ പേർസണൽ അസിസ്റ്റന്റുമാർക്ക്

(5) ഡയറക്ടറുടെ പേർസണൽ അസിസ്റ്റന്റ്.

അംഗീകാരത്തോടെ

സൂപ്രണ്ട്